## നോമ്പിന്റെ വിവക്ഷ

ഭാഷയിൽ: തടഞ്ഞു നിർത്തുക, പിടിച്ച് നിർത്തുക.
സാങ്കേതിക ഭാഷയിൽ: രണ്ടാം ഫജ്ർ(പ്രഭാതം) മുതൽ സൂര്യാസ്തമയം വരെ നോമ്പു മുറിയുന്ന കാര്യങ്ങളിൽ നിന്നും അകന്നു നിൽക്കുന്ന ഒരു ആരാധനയാണ് നോമ്പ്.

## റമദാൻ വ്രതം നിർബ്ബന്ധം

ഇസ്‌ലാമിൽ റമദാൻ മാസത്തിലെ നോമ്പ് നിർബ്ബന്ധമാക്കിയത് ഹിജ്റ രണ്ടാം വർഷത്തിലാണ്. പ്രവാചക തിരുമേനി(സ) ഒമ്പത് റമദാനുകൾ നോമ്പനുഷ്ഠിച്ചിട്ടുണ്ട്. നോമ്പ് നിർബ്ബന്ധമായിത്തീരുവാനുള്ള അഞ്ച് നിബന്ധനകൾ:

1- മുസ്‌ലിമായിരിക്കുക. അതിനാൽ അവിശ്വാസിയുടെ നോമ്പ് അസാധുവാണ്. കാരണം നോമ്പ് ഒരു ആരാധനയാണ്. അതിന് നിയ്യത്ത് (ഉദ്ദേശം) അനിവാര്യവുമാണ്.
2- പ്രായ പൂർത്തിയെത്തുക. ഇതൊടെ കുട്ടികൾ ഒഴിവാകുന്നു. കാരണം അവർ മുകല്ലഫ് (ദൈവിക ശാസന യേറ്റവർ) അല്ല. പരിശീലനത്തിന് വേണ്ടി കുട്ടികൾ നോമ്പെടുക്കുന്നത് പുണ്യമുള്ളതാണ്.
3- ബുദ്ധിയുണ്ടായിരിക്കുക. ഭ്രാന്തന്മാർ ഇതിൽ നിന്ന് ഒഴിവാകുന്നു. അവർക്ക് സ്വയം ബുദ്ധി ഇല്ലാത്തതിനാൽ തക്‌ലീഫ് ഇല്ല.
4- കഴിവുണ്ടായിരിക്കുക. വാർദ്ധക്യം കൊണ്ടോ രോഗം കാരണമായോ നോമ്പെടുക്കുവാൻ അശക്തരായവൽ ഇതോടെ ഒഴിവാകുന്നു.

പ്രവാചകരെ, നമുക്ക് 'ഹൈസ്' (ഒരു തരം പലഹാരം) സമ്മാനമായി ലഭിച്ചിരിക്കുന്നു. തിരുമേനിﷺപറഞ്ഞു: കൊണ്ടുവരൂ, ഞാൻ നോമ്പുകാരനായിരുന്നു, അങ്ങിനെ അദ്ദേഹമത് ഭക്ഷിച്ചു" (മുസ്ലിം)

## റമദാൻ മാസമുറപ്പിക്കുന്നത്

താഴെ പറയുന്ന രണ്ടിൽ ഏതെങ്കിലും ഒരു മാർഗത്തിലൂടെ മാസപ്പിറവി നിശ്ചയിക്കാവുന്നതാണ്. ഇത് കൂടുതൽ വിശദീകരിക്കേണ്ട വിഷയമാണ് . ഇവിടെ സംക്ഷിപ്തമായ വിവരണം മാത്രം നൽകുകയാണ്

1 ചന്ദ്രോദയം ദർശിക്കുക. ഒരാൾ സ്വയം തന്നെ ചന്ദ്രനെ ദർശിക്കുകയോ, അല്ലെങ്കിൽ ദർശിച്ചതായി സത്യസന്ധനും മുകല്ലഫുമായ ഒരാൾ സാക്ഷ്യപ്പെടുത്തുകയോ ചെയ്താൽ നോമ്പെടുക്കൽ നിർബ്ബന്ധമാണ്.

2 ശഅബാൻ മുപ്പത് പൂർത്തിയാക്കുക. ശഅബാൻ മുപ്പതാം രാവിൽ മാസപ്പിറവി ദർശിക്കുന്നതിന് മേഘം, അന്തരീക്ഷം മൂടിക്കെട്ടുക തുടങ്ങിയ തടസ്സമുണ്ടാകുകയോ അതല്ലെങ്കിൽ ഈ തടസ്സങ്ങളൊന്നും ഇല്ലാതിരുന്നിട്ടും പിറവി ദർശനം ഉണ്ടാവാതിരിക്കുകയോ ആണെങ്കിലാണ് ഇങ്ങനെ ശഅബാൻ മുപ്പത് പൂർത്തിയാക്കേണ്ടത്. താഴെ വരുന്ന ഹദീസ് ശ്രദ്ധിക്കുക.

(عن محمدِ بن زيادٍ قالَ سمِعت أبا هريرةَ رضِي الله عنه يقُولُ قَالَ رسولُ اللهِ صلى الله عليه وسلم صوموا لِرؤيتِهِ وأفْطِروا لِرؤيتِهِ فإنْ غُمي عليكُم فأكْمِلوا عِدةَ شعبانَ ثَلاثِين) (بخاري ومسلم)

ബാധ്യതയാക്കുകയായിരുന്നു. അത് കടബാധ്യതയുടെ സ്ഥാനത്താണ്. അങ്ങിനെയാണ് പ്രവാചകൻ(ﷺ) അതിനെ ഉപമിച്ചിരുന്നത്.

## നോമ്പുകാരന് സുന്നത്തായ കാര്യങ്ങൾ

1- ഖുർആൻ, ദിക്റ് പാരായണം, ദാനധർമ്മങ്ങൾ നിർവ്വഹിക്കുക, വെറുക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് നാവിനെ നിയന്ത്രിക്കുക എന്നിവ നോമ്പുകാരന് സുന്നത്താണ്. ഒരു ഹദീസ് ശ്രദ്ധിക്കുക:

**( عن ابن عباسٍ قَالَ كَانَ رسولُ اللهِ صلى الله عليهِ وسلم أجود الناسِ وكَانَ أجود ما يكُونُ فِي رمضانَ حِين يلْقَاه جِبريلُ وكَانَ يلْقَاه فِي كُل ليلَةٍ مِن رمضانَ فَيدارِسه الْقُرآنَ فَلَرسولُ اللهِ صلى الله عليهِ وسلم أجود بِالْخيرِ مِن الريحِ المرسلَةِ) (بخاري).**

ഇബ്നു അബ്ബാസ്(رضي الله عنه)വിൽ നിന്ന് നിവേദനം: "നബി(ﷺ) ജനങ്ങളിൽ വെച്ച് ഏറ്റവും ദാനധർമ്മം ചെയ്തിരുന്ന വ്യക്തിയായിരുന്നു. റമദാനിലെ ഓരോ രാത്രിയിലും ജിബ്രീൽ(عليه السلام) നബി(ﷺ)ക്ക് ഖുർആൻ ഓതിക്കേൾപ്പിച്ചിരുന്നപ്പോഴാണ് പ്രവാചകൻ ഏറ്റവും കൂടുതൽ ദാനധർമ്മങ്ങൾ നിർവ്വഹിച്ചിരുന്നത്. അപ്പോൾ അടിച്ചു വീശുന്ന കാറ്റിനേക്കാൾ ധർമ്മം നൽകുന്നവനായിരുന്നു"(ബുഖാരി)

2- ആരെങ്കിലും തന്നെ ആക്ഷേപിക്കുകയാണെങ്കിൽ ഞാൻ നോമ്പ്കാരനാണെന്ന് ഉച്ചത്തിൽ പറയുന്നത് നല്ലതാണ്. ബുഖാരിയും മുസ്ലിമും ഉദ്ദരിച്ച ഹദീസിൽ നമുക്ക് അത് കാണാവുന്നതാണ്.

6- മുങ്ങി മരിക്കുവാൻ പോകുന്നയാളെ രക്ഷിക്കാനോ, ജിഹാദിന് വേണ്ടിയോ നോമ്പ് മുറിക്കുന്നവൻ. അവന്ന തിന് അനുവാദമുണ്ട്.

ഇത്തരം കാരണങ്ങളൊന്നുമില്ലാതെ നോമ്പൊഴിവാക്കാന നുവാദമില്ല. മനഃപൂർവ്വം നോമ്പൊഴിവാക്കിയാൽ അവനു കുറ്റമുണ്ട്. അവൻ തൗബ ചെയ്യുക നിർബ്ബന്ധമാണ്. നോറ്റു വീട്ടുകയും വേണം.

## നോമ്പ് നിഷ്ഫലമാക്കുന്ന കാര്യങ്ങൾ

നോമ്പിനെ അസാധുവാക്കുന്ന ചില കാര്യങ്ങളു ണ്ട്. ഓരോ മുസ്ലിമും അത് മനസിലാക്കുകയും അതി ൽ നിന്ന് വിട്ട് നിൽക്കുകയും, അതിനെ സൂക്ഷിക്കുക യും ചെയ്യേണ്ടതുണ്ട്. ഇത് അനിവാര്യമാണ്.

1- റമളാനിൽ മനഃപൂർവ്വം ഭക്ഷണമോ പാനീയമോ അ തിനു തുല്ല്യമായ ഗ്ളൂക്കോസ് ഇഞ്ചക്ഷനോ രക്തം കയറ്റലോ തുടങ്ങിയവ ചെയ്യൽ. എന്നാൽ ഗ്ളൂക്കോ സല്ലാത്ത ഇഞ്ചക്ഷനാണെങ്കിൽ നോമ്പു മുറിയുകയില്ല. ഒഴിവാക്കലാണ് നല്ലത്. അതാണ് അല്ലാഹു പറയുന്നുത്.

**(ثم أتموا الصيام إلى الليل ) (البقرة آية 187**

“എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണ്ണമാ യി അനുഷ്ഠിക്കുകയും ചെയ്യുക” (ബഖറ:187)

മറന്ന് കൊണ്ടാണ് ഭക്ഷണം കഴിച്ചതെങ്കിൽ കുഴപ്പമില്ല. റസൂൽ(സ) പറയുന്നു:

(عن أبي هريرةَ رضي الله عنه عن النبي صلى الله عليه وسلم قالَ إذَا نسِي فأكلَ وشرب فليتم صومه فإنما أطعمه الله وسقاه) (رواه الجماعة).

അബൂഹുറൈറ ﷺവിൽ നിന്ന് പ്രവാചകൻ ﷺ പറഞ്ഞു: "നോമ്പുകാരനായിരിക്കേ മറന്ന് കൊണ്ട് ആരെങ്കിലും തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തിയാക്കട്ടെ, അല്ലാഹുവാണ് അവനെ തീറ്റുകയും കുടിപ്പിക്കുകയും ചെയ്തത്" (ബുഖാരി, മുസ്ലിം, അബൂദാവൂദ്, തിർമിദി)

2- വായിലൂടെയോ മൂക്കിലൂടെയോ വല്ലതും അകത്ത് കടക്കുക, എന്നാൽ സ്വന്തം ഇഷ്ടപ്രകാരമല്ലാതെ വല്ല ഈച്ചയോ പൊടിയോ അകത്ത് കടന്നാൽ ഒരു പ്രശ്നവുമില്ല.

3- മനഃപൂർവ്വം ഛർദ്ദിക്കൽ. എന്നാൽ ഛർദ്ദിവന്നാൽ കുഴപ്പമില്ല.

4- സ്വന്തം പ്രവർത്തികൊണ്ട് ഇന്ദ്രിയം പുറപ്പെടൽ. സംയോഗമോ, ചുംബനമോ, സ്പർശനമോ, നോട്ടമോ, സ്വയംഭോഗമോ ഇവയൊക്കെ കാരണമാകാം.

5- കൊമ്പ് വെച്ചിട്ടോ, സംഭാവന നൽകുവാനോ ശരീരത്തിൽ നിന്നും രക്തം എടുക്കൽ. എന്നാൽ രക്തം പരിശോധിക്കുവാനോ പല്ലെടുക്കൽ, മുറിവ് ഇതിലൂടെയൊക്കെ വരുന്ന അൽപം ചോര നോമ്പിനെ ബാധിക്കുകയില്ല.

6- ആർത്തവ രക്തവും പ്രസവ രക്തവും. ഇതുണ്ടാവുന്നത് സൂര്യാസ്തമനത്തിന് തൊട്ടു മുമ്പാണെങ്കിലും ശരി നോമ്പു മുറിയും.

അബ്ദുല്ലാഇബ്നു അംറ്ﷺൽ നിന്ന് റസൂലുല്ലാഹി പറയുന്നു: "നീ നോമ്പനുഷ്ഠിക്കുക, അല്ലാഹുവിൻെറടുത്ത് ഏറ്റവും ശ്രേഷ്ടമായ നോമ്പ് ദാവൂദ്ﷺൻെറ നോമ്പാണ്, അദ്ദേഹം ഒരു ദിവസം നോമ്പനുഷ്ഠിക്കും, അടുത്ത ദിവസം നോമ്പ് ഒഴിവാക്കുകയും ചെയ്യുക" (ബുഖാരി, മുസ്ലിം)

2- റമദാൻ മാസത്തിന് ശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ് അല്ലാഹുവിൻെറ മാസമായ മുഹർറം.

( عن أَبِي هريرةَ رضِي الله عنه قَالَ قَالَ رسولُ اللهِ صلى اللــه عليهِ وسلم أَفْضلُ الصيامِ بعد رمضانَ شهر اللهِ الْمحرم وأَفْضلُ الصلاةِ بعد الْفَرِيضةِ صلاةُ الليل ) (مسلم)

അബൂഹുറൈറﷺവിൽ നിന്ന് നബിﷺ പറയുകയുണ്ടായി: റമദാനിന് ശേഷം ഏറ്റവും ശ്രേഷ്ടമായ നോമ്പ് അല്ലാഹുവിൻെറ മാസമായ മുഹർറത്തിലെ നോമ്പാണ്, ഫർള് നമസ്കാരത്തിന് ശേഷം ഏറ്റവും ശ്രേഷ്ഠമായ നമസ്കാരം രാത്രിയിലെ നമസ്കാരമാകുന്നു" (മുസ്ലിം)

അതിൽ ഏറ്റവും പ്രധാനം മുഹർറം ഒമ്പതും പത്തും. മുഹർറം പത്തിൻെറ നോമ്പ് കഴിഞ്ഞ വർഷത്തെ പാപങ്ങൾക്ക് പ്രായശ്ചിത്തമാണ്. പത്തിന് മുമ്പോ പിമ്പോ ഒരു ദിവസം (ഒമ്പതോ,പതിനൊന്നോ) നോമ്പെടുക്കുന്നത് വളരെ പുണ്യമുള്ള കാര്യമാണ്.

3- ശവ്വാലിലെ ആറു ദിവസത്തിലെ നോമ്പ്.

ഫ് ഇരുന്നിരുന്നു. അതിന് ശേഷം അദ്ദേഹത്തിൻെറ ഭാര്യമാരും ഇഹ്തികാഫ് ഇരുന്നു" (ബുഖാരി, മുസ്ലിം).

## രത്ന ചുരുക്കം:

റമദാനിലെ അവസാനപ്പത്തിലല്ലാതെ ഇഹ്തികാഫ് സുന്നത്തില്ല. അത്പോലെ ജനങ്ങളോട് ഇഹ്തികാഫ് ഇരിക്കുവാൻ ആവശ്യപ്പെടുവാനും പാടില്ല. എന്നാൽ ഒരാൾ ഉമർ(ﷺ)ൻെറ ഹദീസ് പരിഗണിച്ച് കൊണ്ട് ഇഹ്തികാഫിരിക്കുവാൻ സുന്നത്താക്കിയാൽ അവനെ വിരോധിക്കേണ്ടതുമില്ല. പക്ഷെ, നാം അവനോട് പറഞ്ഞ് കൊടുക്കേണ്ടത് ഏറ്റവും നല്ലതും സുന്നത്തായതും പ്രവാചകൻ(ﷺ) ചെയ്തത് പോലെ ചെയ്യുന്നതാണ്.

# ഫിത്വ്ർ സകാത്ത്

ഇസ്ലാമിക പ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുന്ന മുസ്ലീങ്ങൾക്ക് അല്ലാഹു രണ്ട് ആഘോഷങ്ങളാണ് നൽകിയിട്ടുള്ളത്. അത് വിശുദ്ധഖുർആൻ ഇറങ്ങിയ മാസമായ റമദാൻ മാസത്തിലെ നിർബ്ബന്ധ വ്രതത്തിന് ശേഷം വരുന്ന ശവ്വാൽ ഒന്നിനുള്ള 'ഈദുൽ ഫിത്വ്റും', ദുൽഹിജ്ജഃ പത്തിനുള്ള 'ഈദുൽ അള്ഹ'യുമാണ്. അതല്ലാത്ത ഒരു ആഘോഷവും ഇസ്ലാമിലില്ല. ഈദുൽ ഫിത്വ്റിന് മുമ്പ് മുസ്ലീങ്ങൾ നിർബ്ബന്ധമായും കൊടുത്തു വീട്ടേണ്ട സകാത്തുൽ ഫിത്വ്റിനെ സംബന്ധിച്ചാണ് അൽപം വിശദീകരിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

റമദാൻ മാസത്തിൽ നോമ്പനുസഷ്ടിക്കുവാൻ അവസരം ലഭിച്ചതിലുള്ള സന്തോഷത്താലും, അതിന്

| ഉള്ളടക്കം | നമ്പർ | فهرس |
|---|---|---|
| മുഖവുര | 2 | مقدمة |
| ഇസ്ലാമിൽ നോമ്പിനുള്ള സ്ഥാനം | 5 | م لة الصيام في الإسلام |
| അതിന്റെ ശ്രേഷ്ഠത | 7 | فضله |
| റമദാൻ വ്രതം നിർബ്ബന്ധം | 13 | وجوب صوم رمضان |
| നോമ്പിന്റെ നിയ്യത്ത് | 14 | النية في الصوم |
| നോമ്പുകാരന് സുന്നത്തായ കാര്യങ്ങൾ | 21 | مستحبات الصيام |
| നോമ്പുകാരന് കറാഹത്തായ കാര്യങ്ങൾ | 26 | ما يكره للصائم |
| നോമ്പുകാരന് നിർബ്ബന്ധമായ കാര്യങ്ങൾ | 27 | ما يجب على الصائم |
| നോമ്പ് നിഷ്ഫലമാക്കുന്ന കാര്യങ്ങൾ | 31 | مفسدات الصوم |
| സുന്നത്ത് നോമ്പുകൾ | 35 | صيام التطوع |
| വെറുക്കപ്പെട്ട നോമ്പുകൾ | 38 | صيام المكروه |
| ഹറാമായ നോമ്പുകൾ | 40 | صيام المحرم |
| തറാവീഹ് | 42 | صلاة التراويح |

